കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## പുറക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-1305/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477 2252753

തീയതി: 02.12.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറക്കാട് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-1305/16 തീയ്യതി: 02.12.2016

# ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമ പഞ്ചായത്ത്

# 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.07.2015 മുതൽ 31.3.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും,ഉദ്യോഗപേരും | സി.വൈ.സലിം<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 03-11-16 മുതൽ 15-11-16വരെ | ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രാജശ്രീ.വി,<br>അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രഞ്ജു പ്രകാശ്,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.വി.സി.മധു | 01.04.2015 മുതൽ 31.10.2015വരെ |
| 2 | ശ്രീമതി.റഹമ്മത്ത് ഹമീദ് | 01.11.2015 മുതൽ 31.03.2016വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.ഇംതിയാസ് അഹമ്മദ് | 01.04.2015 മുതൽ<br>1.12.2016 വരെ |
| 2 | ശ്രീ.നൗഷാദ്.എ | 02.12.2016 മുതൽ 31.03.2016വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | | |
| 1 | ശ്രീമതി.ജയശ്രീ ചന്തു | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | ശ്രീമതി. സുധാമണി | 19.11.2015 മുതൽ 31.03.2016 വരെ |
| വികസനകാര്യം | | |
| 1 | ശ്രീ.എ.എസ്.സുദർശൻ | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | ശ്രീ.ആർ.സുനി | 12.11.2015 മുതൽ 31.03.2016 വരെ |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | | |
| 1 | ശ്രീമതി.ശ്രീദേവി.എം | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | ശ്രീമതി.ജയശ്രീ ചന്തു | 12.11.2015 മുതൽ 31.03.2016 വരെ |
| ക്ഷേമകാര്യം | | |
| 1 | ശ്രീ.ആർ.സുനി | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | അഡ്വ.വിഎസ്.ജിനരാജ് | 12.11.2015 മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.അജിത്ത് കുമാർ | 01.04.2015മുതൽ 31.03.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ജ്യോതിമോൻ.പി.ബി | 01.04.2015മുതൽ 31.03.2016 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.തനൂജ<br>ശ്രീമതി.മിട്ടു മോഹൻ | 01.04.2015മുതൽ 31.01.2015 വരെ<br>01.02.15 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ജയകുമാർ | 01.04.2015മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.ഡാർളി ജെയിംസ് | 01.04.2015മുതൽ 31.03.2016 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മീന | 01.04.2015മുതൽ 31.03.2016 വരെ |
| 7 | സബ്ബ് ഇൻസ്പെക്ടർ ഓഫ്ഫിഷറീസ് | ശ്രീ.വിശ്വനാഥപിള്ള | 01.04.2015മുതൽ 31.03.2016 വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | 1.ശ്രീമതി.നിസ്സി ജേക്കബ്<br>2.ശ്രീമതി. മൈഥിലി ദേവി | 01.04.2015മുതൽ 31.05.2015 വരെ<br>01.06.2015മുതൽ 31.03.2016 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അംജിത്.ബി.മോഹൻ | 01.04.2015മുതൽ 31.03.2016 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തോട്ടപ്പള്ളി) | 1.ശ്രീ.വിനോദ് | 01.04.2015മുതൽ 31.03.2016 വരെ |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പുറക്കാട്) | 2.ശ്രീ.സുനിൽകുമാർ | 01.04.2015മുതൽ 31.03.2016 വരെ |
| 1 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.പി.ഡബ്ളിയു.ഇഗ്നേഷ്യസ് | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-10 |
| | ഭാഗം 2 | |
| 2 | കെട്ടിട നിർമ്മാണാനുമതി, ഡി ആന്റ് ഒ ലൈസൻസ് എന്നിവ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - നടപടികളില്ല | 2-1 |
| 3 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം | 2-2 |
| 4 | നിരവധി അനധികൃത കെട്ടിടങ്ങൾ സി.ആർ.ഇസഡ് പരിധിയിൽ | 2-3 |
| 5 | ഫിറ്റ്നെസ് ഫീ ഈടാക്കുന്നില്ല - വരുമാന നഷ്ടം | 2-4 |
| 6 | തൊഴിൽ നികുതി - പൂർണ്ണമായും ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 7 | അംഗൻവാടി ദുരിതാശ്വാസ ക്യാമ്പിൽ ഒറ്റ മുറിയിൽ പ്രവർത്തിക്കുന്നു. | 3-1 |
| 8 | ആശ്രയ അക്കൗണ്ടിൽ മുൻവർഷങ്ങളിലെ ബാലൻസ് തുക 5 ലക്ഷത്തിൽ അധികം. | 3-2 |
| 9 | വെള്ളക്കരം കുടിശ്ശിക – വികസന പ്രവർത്തനങ്ങൾ വഴിമുട്ടുന്നു. | 3-3 |
| 10 | ജനറേറ്റർ--ലോഗ്ബുക്ക് സൂക്ഷിക്കുന്നില്ല. | 3-4 |
| 11 | ലൈബ്രറി സെസ് ഒടുക്കുന്നില്ല - | 3-5 |
| 12 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് --- ഓർഡിനറി ബൾബുകളുടെ ഉപഭോഗം ഒഴിവാക്കേണ്ടതാണ്. | 3-6 |
| 13 | എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-- പ്രവർത്തനം ഉറപ്പ് വരുത്തുന്നില്ല. | 3-7 |
| 14 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം ഫർണിഷിംഗ്- ഒന്നാം നിലയിലെ കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു. | 3-8 |
| | ഭാഗം 4 | |
| 15 | പൊതു വിവരങ്ങളും ഓഡിറ്റ് | 4-1 to |

| | | |
|---|---|---|
| | പ്രത്യവലോകനവും | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-3-2015 തീയതിയിലെ 1൦-ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 23,02,75,713 | 19,70,05,340 |
| വാർഷിക കണക്ക് പ്രകാരം | 5,12,57,669/- (മുന്നിരിപ്പ് ഉൾപ്പടെ) | 4,23,14,481/- |

യഥാർത്ഥ വരവു ചെലവുകൾക്ക് ബജറ്റു പ്രകാരമുള്ള വരവു ചെലവുകളിൽ നിന്നും ഗണ്യമായ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 15-16 | 31-07-2016 | 27-7-16 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,80,83,620/- |
| വരവ് | 3,31,74,049/- |
| ആകെ | 5,12,57,669/- |
| ചെലവ് | 4,23,14,481/- |
| നീക്കിയിരിപ്പ് | 89,43,188/- |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ | ചെലവ് |
|---|---|---|---|---|---|---|

| | | വരവ് | | | TC ചെയ്യത് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2603894 | 12355986 | 14959880 | 1495988 | 0 | 81.62 |
| വികസനഫണ്ട് എസ്.സി.പി. | 270885 | 200000 | 470885 | 200000 | 270885രൂപ TC ചെയ്തു. | 100% |
| വികസനഫണ്ട് ടി.എസ്.പി. | 190000 | 125000 | 315000 | 315000 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 280655 | 1386993 | 1667648 | 1667648 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 598383 | 1359814 | 1958197 | 1958197 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2982196 | 5811423 | 8793619 | 8793619 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| എം.എൻ.ആർ. ഇ. ജി.എസ്. | - | 85216312 | 85216312 | 85211693 | 4619 | 99.99 |
| ബി ഫണ്ട് | | 28212734 | 28212734 | 28212734 | --- | 100% |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 131 | 44321309 | 84 | 27820879 | - | 47 | 64.12 |

എസ്.സി ഫണ്ട് :പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ പരിമിതപ്പെട്ടു

പ്രത്യേക ഘടകപദ്ധതി ഫണ്ട് ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ടെങ്കിലും സർക്കാർ നിർദേശിച്ച അളവിലേക്ക് പ്രവർത്തനങ്ങൾ എത്തിയില്ല. പന്ത്രണ്ടാം പദ്ധതി മാർഗരേഖ അനുസരിച്ച് 2015-16 വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ എസ്.സി.പി ഫണ്ട് പേരിന് മാത്രം ചെലവഴിക്കപ്പെട്ടതായി കാണുന്നു. താഴെപ്പറയുന്ന കണക്കുകൾ ഈ മേഖലകളിലെ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന് തെളിയിക്കുന്നു. പശ്ചാത്തലമേഖലയിലും സേവനമേഖലയിലുമായി ആകെ ആവിഷ്കരിച്ച5പദ്ധതികളിൽ വിവാഹധനസഹായം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ഈ മേഖലയിൽ നിശ്ചയിച്ചിട്ടുള്ള ആകെ അടങ്കലായ 31,77,885/-രൂപയിൽ 2,00,000/-രൂപ മാത്രമാണ് പട്ടികജാതി ക്ഷേമത്തിനായി വിനിയോഗിച്ചിട്ടുള്ളത്. ഇതാകട്ടെ ആകെ അടങ്കലിന്റെ വെറും 6% മാത്രവും. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതികൾ നടപ്പാക്കി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തേണ്ടതാണ്.

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4174524 | 2566306 | (-)1608218 | (-)38.5% |
| നികുതിയേതര വരവുകൾ | 310115 | 189040 | (-)121075 | (-)39% |
| മറ്റ് വരവുകൾ | 163864 | 171112 | (+)7248 | (+)4.4% |
| ആകെ | 4648503 | 2926458 | (-)1722045 | (-)37% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 747000 | 426 |
| കർഷകതൊഴിലാളി പെൻഷൻ | 7066230 | 964 |
| വിധവാപെൻഷൻ | 7039640 | 764 |
| വാർദ്ധക്യകാലപെൻഷൻ | 9043110 | 1919 |
| വികലാംഗപെൻഷൻ | 3475190 | 362 |
| അവിവാഹിതപെൻഷൻ | 832440 | 86 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-11-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,618/--രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-10-2016 | 09/2016 | ലഭിച്ചില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണാനുമതി, ഡി ആന്റ് ഒ ലൈസൻസ് എന്നിവ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - നടപടികളില്ല

1). ഗ്രാമ പഞ്ചായത്തിലെ 1ാം വാർഡിൽ സ്ഥിതി ചെയ്യുന്ന റോയൽ അലുമിനിയം സെന്റർ എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, 04.08.2015 തീയതിയിൽ സ്ഥാപനയുടമകളായ ശ്രീ.നജീബ്/മുജീബ് റഹ്മാൻ കൊച്ചുപുരയ്ക്കൽ, കരുർ എന്നിവർ 85.2 $m^2$ വിസ്തീർണ്ണമുള്ള വ്യാപാര സ്ഥാപനം ആരംഭിക്കുന്നതിനായി പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഫയൽ എഞ്ചിനീയറിംഗ് സെക്ഷൻ പരിശോധിച്ചതിൽ, ഈ വസ്തുവിന്റെ അതിരുകൾ വ്യക്തമാക്കി റിപ്പോർട്ട് ചെയ്യുവാൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് അധികൃതർ ടി ഫയലിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഫയൽ തീർപ്പാക്കിയിട്ടുമില്ല.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 14 അനുസരിച്ച് അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിട നിർമ്മാണം അംഗീകരിച്ച്/നിരാകരിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതാണ്. ചട്ടം 16(2) അനുസരിച്ച് ഇപ്രകാരം സെക്രട്ടറിയിൽ നിന്നും യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ലെങ്കിൽ അപേക്ഷകൻ ലിഖിതമായ ഒരു അപേക്ഷ സെക്രട്ടറിയ്ക്ക് നൽകേണ്ടതും ആയത് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ഗ്രാമ പഞ്ചായത്ത് അംഗീകാരം/നിരാകരണം നല്കിയിട്ടില്ലെങ്കിൽ അപേക്ഷകന് പണി ആരംഭിക്കാവുന്നതുമാണ്. എന്നാൽ ഫയലിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. പഞ്ചായത്തിന്റെ നടപടി മൂലം സ്റ്റോപ്പ് മെമ്മോ കൊടുത്ത് പണി നിർത്തിവെയ്ക്കാനോ പെർമിറ്റില്ലാതെ പണി പൂർത്തീകരിച്ച കെട്ടിടത്തിന് യു.എ നമ്പർ നൽകുവാനോ കഴിഞ്ഞിട്ടില്ല.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഒടുക്കേണ്ട പെർമിറ്റ് ഫീ, വാണിജ്യാവശ്യത്തിനുള്ള കെട്ടിങ്ങൾക്ക് ഈടാക്കേണ്ട വസ്തുനികുതി, കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരമുള്ള ഡി & ഒ ലൈസൻസ് എന്നിവ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതെ ടി സ്ഥാപനം സർക്കാരിനെയും ചട്ടങ്ങളെയും അവഗണിച്ച് പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയിൽ ബോധ്യമായി. അനധികൃത കെട്ടിട നിർമ്മാണത്തിന് സ്വീകരിക്കേണ്ട നടപടികളൊന്നും ഒന്നര വർഷം കഴിഞ്ഞിട്ടും സ്വീകരിക്കാതെ സ്ഥാപനം പ്രവർത്തിപ്പിക്കാൻ പഞ്ചായത്തും മൗനാനുവാദം നല്കിയിരിക്കുന്നു എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ടി സ്ഥാപനം വൈദ്യുത കണക്ഷൻ എടുത്തിരിക്കുന്നത് തന്നെ അപകടകരമായ രീതിയിലാണ്. നാഷണൽ ഹൈവേയുടെ അരികിൽ ഒരു സ്റ്റാന്റിൽ മീറ്റർ ബോക്സ് ഉറപ്പിച്ച് അതിൽ നിന്നുമാണ്

വൈദ്യുതി കണക്ഷൻ എടുത്തിരിക്കുന്നത്.

റഗുലറൈസ് ചെയ്യാൻ ആകുന്ന പക്ഷം അപ്രകാരം ചെയ്ത് നികുതി ഈടാക്കുകയോ അല്ലാത്ത പക്ഷം സ്ഥാപനം പൊളിച്ചു മാറ്റൽ/ അടച്ചുപൂട്ടൽ എന്നീ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2). വാർഡ് നം.10 -ൽ തോട്ടപ്പള്ളി ഫിഷിംങ് ഹാർബറിനടുത്ത് കരിമണൽ വേർതിരിക്കുന്ന സ്പൈറൽ യൂണിറ്റ്, പഞ്ചായത്ത് പരിധിയിൽ ധാരാളം ചെമ്മീൻ ഷെഡുകൾ എന്നിവ പ്രവർത്തിക്കുന്നതായി ഭൗതീക പരിശോധനയിൽ ബോധ്യമായി. എന്നാൽ, ഇവ ഒന്നും തന്നെ ലൈസൻസിന് അപേക്ഷ നല്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ ഇവയെല്ലാം അനധികൃത നിർമ്മാണങ്ങളാണെന്നും ആയതിനാൽ ലൈസൻസ് നൽകാൻ കഴിയുന്നില്ലായെന്നും അറിയിച്ചു. എന്നാൽ പഞ്ചായത്ത് അനധികൃത നിർമ്മാണങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ ഒന്നും സ്വീകരിച്ചിട്ടുമില്ല.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 138(1) പ്രകാരം ക്രമവത്ക്കരിയ്ക്കാത്ത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് ചെലവ് തുക ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമുണ്ട്.138(2) പ്രകാരം1ാം ഉപചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സെക്രട്ടറി ഉടമസ്ഥനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം

പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

1.ബി.എസ്. എൻ.എൽ

2.റിലയൻസ് ജിയോ ഇൻഫോസ്

ജി.ഒ (ആർ.ടി) 2640/2012 ത.സ്വ.ഭ.വ തീയതി 19.09.2012പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുള്ള സാഹചര്യത്തിൽ,ബി.എസ്. എൻ.എൽ ഉൾപ്പടെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ മൊബൈൽ ടവറുകളുടേയും വസ്തു നികുതി $1m^2$ ന് 500/-രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 നിരവധി അനധികൃത കെട്ടിടങ്ങൾ സി.ആർ.ഇസഡ് പരിധിയിൽ

പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കെട്ടിട ഉടമസ്ഥർ ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും CRZ എന്ന് രേഖപ്പെടുത്തി പെർമിറ്റ് നല്കിയിട്ടില്ല. ഇവർ തീരദേശ വികസന കോർപ്പറേഷന്റെ അനുമതി വാങ്ങാതെ പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നതാകയാൽ പെർമിറ്റ് നൽകാതിരിക്കുകയും എന്നാൽ പിന്നീട് കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി വാർഡ് 10ൽ സ്ഥിതിചെയ്യുന്ന സ്പൈറൽ യൂണിറ്റുകൾ, ചെമ്മീൻ പീലിംഗ് യൂണിറ്റുകൾ എന്നിവ. ഇപ്രകാരം നിരവധി കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഫിറ്റ്നെസ് ഫീ ഈടാക്കുന്നില്ല - വരുമാന നഷ്ടം

പുറക്കാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്കൂളുകളുടെ ഫിറ്റ്നെസ്

ഫീ ഈടാക്കിയിട്ടില്ല.

1. ടെക്സില ഇംഗ്ലീഷ് മീഡിയം സ്കൂൾ

2. ബഥനി ഇംഗ്ലീഷ് മിഡീയം സ്കൂൾ

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ.(ആർ.റ്റി) 2427/2007, പൊ.വി. 1.08.2007 പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. ആയതിനാൽ, കെട്ടിടം പരിശോധിച്ച് അർഹമായതെങ്കിൽ ഫിറ്റ് സർട്ടിഫിക്കറ്റ് നൽകി ഫീസ് ഈടാക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി - പൂർണ്ണമായും ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി അർദ്ധവർഷ പത്രികകൾ, ഇത് സംബന്ധിച്ച തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1). ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി/ അർദ്ധവർഷം (2015-16) |
|---|---|---|---|---|
| 1 | സപ്ലൈ-കോ സൂപ്പർ മാർക്കറ്റ്, തോട്ടപ്പള്ളി | സുധീഷ്.എസ് എച്ച്.സി | 1,86,394 | 1250/ഒന്നാം അർദ്ധവർഷം |
| 2 | “ | തുഷാര ദാസ്, എ.എസ്.എം | 97920 | 750/ഒന്നാം അർദ്ധവർഷം |
| 3 | ഗ്യാബീസ് ഫ്യൂവൽസ് | റഷീദ്, മനേജർ | 39000 | 300/ഒന്നാം അർദ്ധവർഷം |
| 4 | “ | ഉണ്ണി,ഫില്ലർ | 36000 | 300/ഒന്നാം അർദ്ധവർഷം |
| 5 | “ | സുധ,ഫില്ലർ | 36000 | 300/ഒന്നാം അർദ്ധവർഷം |
| 6 | “ | ഷൈജ,ഫില്ലർ | 36000 | 300/ഒന്നാം അർദ്ധവർഷം |
| 7 | “ | ഗണപതി,ഫില്ലർ | 36000 | 300/ഒന്നാം അർദ്ധവർഷം |
| 8 | ചിപ്പി ഫിനാൻസിയേഴ്സ്,പുറക്കാട് | ബിന്ദു,ക്ലർക്ക് | 12000 | 120/രണ്ടാം അർദ്ധവർഷം |
| ആകെ | | | | 3620 |

2). സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

S.B.T, പുറക്കാട് നിന്നും രണ്ടാം അർദ്ധവർഷവും (1250/-) ജില്ലാ കോപ്പറേറ്റീവ് ബാങ്ക്, തോട്ടപ്പള്ളി നിന്നും ഒന്നാം അർദ്ധവർഷവും (1250/-) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

നികുതി ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാത്ത പക്ഷം ടി തുക (6120/-) ഹെഡ് ക്ലാർക്ക്, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

(ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-അനീസ്യ ലാൽ, ഹെഡ് ക്ലാർക്ക്

സുമ.പി.എസ്, സീനിയർ ക്ലാർക്ക്)

3). ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ, ടെക്സില ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ക്രമനമ്പർ 3 സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗൻവാടി ദുരിതാശ്വാസ ക്യാമ്പിൽ ഒറ്റ മുറിയിൽ പ്രവർത്തിക്കുന്നു

കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടെന്ന് പറയപ്പെടുന്ന ഏകദേശം 12 കുടുംബങ്ങൾ പഴയ പഞ്ചായത്ത് ഓഫീസിലെ ദുരിതാശ്വാസ ക്യാമ്പിൽ ഒന്നര വർഷമായി താമസിക്കുന്നു. ഈ കെട്ടിടത്തിൽ തന്നെ ഒറ്റ മുറിയിൽ 16 ാം വാർഡിലെ 10 കുട്ടികളുള്ള അംഗൻവാടി നം.82 ഉം ഏതാനും മാസങ്ങളായി പ്രവർത്തിക്കുന്നു. ഇത് പ്രവർത്തിച്ചിരുന്ന ഷെഡ് തകർന്നതിനാലാണ് പഴയ പഞ്ചായത്ത് ഓഫീസിലെ ഒറ്റ മുറിയിലേക്ക് അംഗൻവാടി മാറ്റിയിട്ടുള്ളത്. പഴയതിനേക്കൾ ഗുരുതരമായ സ്ഥിതിയിലാണെന്ന് ഓഡിറ്റിന്റെ നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. വിവിധ സ്വഭാവത്തിലുള്ള വ്യക്തികൾ അടങ്ങിയ കുടുംബങ്ങൾ, അവരുടെ വളർത്തുനായ്ക്കൾ ഉൾപ്പെടെയുള്ള മൃഗങ്ങളും വസിക്കുന്ന ഈ കെട്ടിടത്തിൽ കുട്ടികൾക്ക് യാതൊരു സുരക്ഷയും ഉറപ്പ് വരുത്താൻ കഴിയില്ല. ഈ ഒറ്റമുറിയിലാണ് കുട്ടികളെ പഠിപ്പിക്കുന്നതും, പാചകവും, കുട്ടികളുടെ ഉറക്കവും. ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ള മുറിയിൽ തന്നെയിരുത്തി കുട്ടികളെ പഠിപ്പിക്കുന്നത് ഒട്ടും സുരക്ഷിതമല്ല. കൂടാതെ 12 കുടുംബങ്ങളിലെ വ്യക്തികൾ ഉൾപ്പടെയുള്ളവർക്ക് ഇവിടെ സാനിറ്റേഷൻ സൗകര്യങ്ങൾ അപര്യാപ്തമാണ്. വൃത്തിഹീനമായ സാഹചര്യത്തിൽ ഇരുത്തി കുട്ടികളെ പഠിപ്പിക്കുന്നതും ആരോഗ്യകരമല്ല. മതിയായ സാനിറ്റേഷൻ സൗകര്യങ്ങളില്ലാത്തതിനാലുള്ള പ്രശ്നങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്നതായി ഐ.സി.ഡി.എസ്. സൂപ്പർവൈസറും അറിയിച്ചു. പിഞ്ചുകുഞ്ഞുങ്ങളെ ഇപ്രകാരമൊരു അരക്ഷിതമായ സാഹചര്യത്തിൽ നിലനിർത്തുന്നത് അത്യന്തം ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിര നടപടി സ്വീകരിക്കാൻ ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

## 3-2 ആശ്രയ അക്കൗണ്ടിൽ മുൻവർഷങ്ങളിലെ ബാലൻസ് തുക 5 ലക്ഷത്തിൽ അധികം

ആശ്രയ പദ്ധതിയുടെ എസ്.ബി.ടി പുറക്കാട് ശാഖയിലുള്ള അക്കൗണ്ടിൽ 31.3.16 ൽ ബാലൻസ് തുക പലിശ ഉൾപ്പെടെ 22,26,838/-രൂപയാണ്. ഇതിൽ 5,32,500/-രൂപ, 2007 മുതൽ 2013 വരെയുള്ള

വർഷങ്ങളിൽ വിവിധ ഗുണഭോക്താക്കൾക്ക് ഭവനപദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വികസനഫണ്ട് 33,30,000/-രൂപയിൽ നിന്നുള്ള ബാക്കി തുകയാണ്. മുൻ വർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിവരം, ഉപേക്ഷിക്കാനുള്ള കാരണ സഹിതം അറിയിക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് 14 ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ മുഴുവൻ തുകയും നല്കാൻ കഴിയാതെ വന്നതിനാൽ ആ തുകയാണ് ബാലൻസ് നിൽക്കുന്നതെന്ന് അസി.സെക്രട്ടറി മറുപടി നല്കി. ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നല്കാൻ കഴിയുന്ന പക്ഷം നല്കുകയും അല്ലാത്ത പക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടയ്ക്കുകയും ചെയ്യേണ്ടതാണ്.

## 3-3 വെള്ളക്കരം കുടിശ്ശിക – വികസന പ്രവർത്തനങ്ങൾ വഴിമുട്ടുന്നു

വെള്ളക്കരം ഇനത്തിൽ 2015-16 ൽ 15,37,454/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് വിവിധ ബിൽ പ്രകാരം ഒടുക്കിയിട്ടുണ്ട്. 2008 മുതലുള്ള കുടിശ്ശിക അടയ്ക്കാൻ അന്നത്തെ കമ്മറ്റി തയ്യാറാകാഞ്ഞതിനാൽ ബാധ്യത വർദ്ധിച്ച് കോടികളായി. 3.5.14 ൽ വാട്ടർ അതോറിറ്റി ഒത്തു തീർപ്പാക്കിയ പ്രകാരം 29,30,305/-രൂപ എഴുതി തള്ളാൻ തീരുമാനിച്ചെങ്കിലും പഞ്ചായത്ത് ഈ അവസരം വിനിയോഗിച്ചില്ല എന്നതും പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. നിലവിൽ പ്രതിമാസം 1193 ടാപ്പുകളുടെ ചാർജ്ജ് 5,21,938/-രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ട്. കുടിശ്ശിക ഉൾപ്പെടെ നിലവിൽ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യത 3,50,03,903രൂപയാണ്. ടാപ്പുകളുടെ എണ്ണം കൃത്യമായി നിശ്ചയിക്കാൻ സംയുക്ത പരിശോധന നടത്താൻ നിരവധി തവണ വാട്ടർഅതോറിറ്റിയെ സമീപിച്ചെങ്കിലും തയ്യാറായിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരേണ്ടതും ഉചിത നടപടി സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തദ്ദേശ സ്ഥാപനത്തിന് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്താനാകാതെ വരികയും വികസനം വഴിമുട്ടുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യും. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-4(1) ജനറേറ്റർ--ലോഗ്ബുക്ക് സൂക്ഷിക്കുന്നില്ല

2014-15 ൽ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്ററിന്റെ ലോഗ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ഹാജരാക്കിയ രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ല. 15-16 ൽ, പുതിയ ജനറേറ്ററിന് 30/3/15 മുതൽ 12/5/15 വരെ 25 ലിറ്റർ ഇന്ധനം നിറച്ചതിന് 1696/-രൂപ 26.6.15 ൽ ചെക്ക് നം.61710 പ്രകാരം പുറക്കാട് പെട്രോൾ പമ്പിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ ഹാജരാക്കിയ രജിസ്റ്ററിൽ ഇല്ല. 8/15 മുതൽ 9/15 വരെ 45 ലി., 21.1.16 ൽ 20.94ലി. എന്നിങ്ങനെ പെട്രോൾ നിറച്ചതിന് ആകെ 4334/- രൂപ ചെലവ് ഉണ്ട്. ഈ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജനറേറ്ററിന്റെ പ്രവർത്തനം, ഇന്ധന ഉപയോഗം തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെയില്ല. ആയതിനാൽ ഇന്ധന ഉപഭോഗം,ചെലവ് എന്നിവയുടെ കാര്യത്തിൽ കൃത്യതയുമില്ല. രജിസ്റ്റർ സൂപ്പർവൈസിംഗ് ഓഫീസർ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ രജിസ്റ്റർ ആധികാരിക രേഖയായി കണക്കാക്കാനുമാകില്ല. ഗുരുതരമായ ക്രമക്കേടുകൾക്ക് ഇത് വഴിതെളിക്കുന്നതാണ്. കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(2). പഴയ ജനറേറ്റർ ഉപേക്ഷിക്കപ്പെട്ട നിലയിൽ

പഴയ പഞ്ചായത്ത് കെട്ടിടത്തിൽ ഉപയോഗിച്ചിരുന്ന പോർട്ടബിൾ ജനറേറ്റർ പുതിയ കെട്ടിടത്തിൽ ഉപയോഗിക്കാൻ ആവില്ല എന്ന കാരണത്താൽ അവിടെ തന്നെ ഉപേക്ഷിച്ചു. ദുരിതാശ്വാസ ക്യാമ്പായി തുറന്ന് നല്കിയിരിക്കുന്ന പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഏകദേശം 12 കുടുംബങ്ങൾ താമസിക്കുന്നതായാണ് അധികൃതർ വ്യക്തമാക്കിയത്. മതിയായ സുരക്ഷ ഇല്ലാതെ അവിടെ ഉപേക്ഷിച്ച

പോന്ന ജനറേറ്റർ ഉപയോഗിക്കാൻ കഴിയുന്ന പക്ഷം പഞ്ചായത്തിലോ കൈമാറിക്കിട്ടിയ ഏതെങ്കിലും സ്ഥാപനത്തിലോ ഉപയോഗിക്കേണ്ടതാണ്. അല്ലായെങ്കിൽ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.

## 3-5 ലൈബ്രറി സെസ് ഒടുക്കുന്നില്ല

2015-16 വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം, ലൈബ്രറി സെസ്സിനത്തിൽ 2,91,531/-രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ ബാക്കി നില്ക്കുന്നു. ലൈബ്രറി സെസ്സ് അടയ്ക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തൻ വർഷത്തെ തുക 75,031/-രൂപ മാത്രമേ അടയ്ക്കുവാനുള്ളൂവെന്ന് മറുപടി നൽകിയിട്ടുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം, ഒടുക്കുവാൻ ബാക്കിയുള്ളത് 291531/-രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. സർക്കുലർ നം.10088/എൽ3/05 ത.സ്വ.ഭ.വ 20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ അടയ്ക്കണം ആദ്യ ഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തിയാൽ ടി തുകയ്ക്ക് 2% പിഴപ്പലിശ സഹിതം ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതുണ്ട്. പിഴപ്പലിശ ഇനത്തിൽ ഒടുക്കേണ്ട തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതിന് വ്യവസ്ഥയുള്ളതിനാൽ ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് - ഓർഡിനറി ബൾബുകളുടെ ഉപഭോഗം ഒഴിവാക്കേണ്ടതാണ്

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ പ്രതിമാസം 1,82,052/- രൂപ നിലവിൽ അടവാക്കുന്നു. വൈദ്യുതി ബോർഡിന്റെ കണക്ക് പ്രകാരം 669 ഓർഡിനറി ബൾബുകളുടെ ചാർജ് ഉൾപ്പെടെയാണ് ഈ തുക. ഇതിൽ 200 എണ്ണം 1.1.16 മുതൽ പ്രാബല്യത്തിൽ വന്നതാണ്. ഓർഡിനറി ബൾബുകൾ നിലവിൽ സ്ഥാപിക്കുന്നുണ്ടോ, സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്ന അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ഓർഡിനറി ബൾബുകൾ എങ്ങും സ്ഥാപിച്ചിട്ടില്ല എന്നാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരം. അങ്ങനെയെങ്കിൽ സി.എഫ്. ലാമ്പുകളുടെ കുറഞ്ഞ നിരക്കിനുപകരം സാധാരണ ബൾബുകളുടെ ഉയർന്ന നിരക്കാണ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുത ചാർജ്ജായി ഈടാക്കുന്നതെന്ന് കരുതേണ്ടിയിരിക്കുന്നു. സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന വിളക്കുകൾക്കുള്ള യഥാർത്ഥ വൈദ്യുത ചാർജ്ജ് നൽകുവാനും, അധികം നൽകിയ തുക വകവച്ചു കിട്ടുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ--പ്രവർത്തനം ഉറപ്പു വരുത്തുന്നില്ല

S0178/16 നമ്പർ എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയിൽ കെൽട്രോൺ മുഖേന 20W, 230 Vന്റെ 95 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിച്ചതിന് ആകെ 3,94,250/- രൂപ ബിൽ നം.28/16, തീയതി, 31.3.16 പ്രകാരം കെൽട്രോണിന് നല്കിയിട്ടുണ്ട്. 18 വാർഡുകളിലായി 6 എണ്ണം വീതം വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതായി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 4139/-രൂപ വില വരുന്ന 3 വർഷ വാറന്റിയുള്ള ലൈറ്റുകൾ സ്ഥാപിച്ചിട്ട് നിലവിൽ എല്ലാം പ്രവർത്തനക്ഷമമാണോ എന്നറിയിക്കാൻ ആവശ്യപ്പെട്ടെങ്കിലും, മെമ്പർമാരോട് അന്വേഷിച്ച് അറിയിക്കാം എന്നാണ് മറുപടി നല്കിയത്. 2ാം വാർഡിൽ സ്ഥാപിച്ച ലൈറ്റുകളിൽ 2 എണ്ണം കേടായതിനാൽ വാർഡ് മെമ്പർ

പഞ്ചായത്തിൽ തിരിച്ചേല്പിച്ചതായി മെമ്പർ വാക്കാൽ അറിയിച്ചു. വിവിധ വാർഡുകളിൽ ഈ അവസ്ഥയുള്ളതായി കമ്മറ്റിയിൽ അറിയിക്കാറുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. വാറന്റി പിരീഡുള്ള ഉപകരണങ്ങൾ കേടായത് അടിയന്തിരമായി മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം ഫർണിഷിംഗ്- ഒന്നാം നിലയിലെ കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നു

CRZമേഖലയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി വിവിധ പാർട്ട് ബില്ലുകൾ പ്രകാരം(മുൻ വർഷത്തേതുൾപ്പടെ) 45,48,194/- ചെലവഴിച്ചിട്ടുണ്ട്. ഈ നിർമ്മാണത്തിൽ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിലുള്ള ഹാൾ, മെമ്പർമാരുടെ ക്യാബിൻ, തൊഴിലുറപ്പ് പദ്ധതിയുടെ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസ്, അറ്റാച്ച്ഡ് ടൊയിലറ്റ്, കുടുംബശ്രീയുടെ ഓഫീസ് എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്ത് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ ഓഫീസ് ഉപയോഗിക്കാതെയും, അറ്റാച്ച്ഡ് ടൊയിലറ്റ് ഉപയോഗശൂന്യമായ അവസ്ഥയിലുമാണ്. (നേരിട്ട് പരിശോധിച്ചു). ഇത്രയധികം തുക ചെലവഴിച്ച് നിർമ്മിച്ച ടി കെട്ടിടം പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

1. റോഡ് സിമന്റ് കോൺക്രീറ്റ്, റോഡ് ടാർ ചെയ്തത് എന്നിവ തൻ വർഷം സാംഖ്യയിൽ റവന്യൂ അക്കൗണ്ടിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11ൽ പ്രസ്തുത ഇനങ്ങളുടെ മൂലധന ചെലവുകളിൽ മാറ്റം വരുന്നതാണ്.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ പ്ലാന്റ് & മെഷിനറിയ്ക്ക് തൻവർഷത്തെ ഡിപ്രിസിയേഷൻ ആയി മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്.

3. വസ്തുനികുതി മുൻവർഷം കുടിശ്ശികയായി രേഖപ്പെടുത്തിയ തുകയിൽ നിന്നും പ്രയർ പിരിയഡിലേക്ക് തൻവർഷം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയും തൻവർഷം ഈ ഇനത്തിൽ ലഭിച്ച തുകയും കഴിച്ച് 4,15,207/- രൂപയാണ് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 ൽ കുടിശ്ശികയായി രേഖപ്പെടുത്തേണ്ടത്. എന്നാൽ വാർഷിക കണക്കിൽ 4,20,531.75 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4. ഷെഡ്യൂൾ I-8 പ്രകാരം ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പലിശ 82,003/- രൂപയാണ്. എന്നാൽ ആർ.പി സ്റ്റേറ്റ്മെന്റിലെ (RP-9)വരവ് 88,990/- രൂപയാണ്.

5. പ്രോപ്പർട്ടി ടാക്സ് - ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ ബി 11 ലെ തുകകളുടെ കൃത്യതഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

7. ലൈബ്രറി സെസ്സ് ഇനത്തിൽ ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകയിൽ നിന്നും തൻവർഷം ലൈബ്രറി കൗൺസിലിന് അടച്ച തുക കുറവ് ചെയ്ത് ക്രമീകരിച്ചിട്ടില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 747/2010 /ത.സ്വ.ഭ.വ തീയതി 05-03-2010 | 9700000 | 1554250- | 1554250- | 134596 | 4,61,034 (പ ലിശ) |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,31,74,049/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,23,14,481/- |
| വരവിനങ്ങളിലുള്ള നഷ്ടം | 8120 |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 2-4 | 2000 | | ഇംതിയാസ് അഹമ്മദ്,<br>സെക്രട്ടറി |
| 2-5 | 6,120 | | അനീസ്യലാൽ, ഹെഡ് ക്ലാർക്ക്<br>സുമ.പി.എസ്, ക്ലാർക്ക് |
| ആകെ | 8,120 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇംതിയാസ് അഹമ്മദ്,<br>സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് | നം.6 പുളിമൂട്ടിൽ, നജ്മത്ത് വാർഡ്, ആലപ്പുഴ |
| ശ്രീമതി.അനീസ്യലാൽ,<br>ഹെഡ് ക്ലാർക്ക് | ഹെഡ് ക്ലാർക്ക്,<br>പുറക്കാട് ഗ്രാമ പഞ്ചായത്ത് | അഭി നിവാസ്, തോട്ടപ്പള്ളി.പി.ഒ<br>ആലപ്പുഴ |
| ശ്രീമതി.സുമ .പി.എസ്,<br>ക്ലാർക്ക് | ക്ലാർക്ക്,<br>പുറക്കാട് ഗ്രാമ പഞ്ചായത്ത് | പ്ലാക്കള്ളിൽ,<br>പറവൂർ.പി.ഒ<br>ആലപ്പുഴ |

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും |
|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5/1832/11/21-01-2012 |
| 1998-99 | എൽ.എഫ്.ജി.എ5/1832/11/21-01-2012 |
| 1999-00 | എൽ.എഫ്.ജി.എ5/1832/11/21-01-2012 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/23-01-2012 |
| 2001-02(ചെലവ്) | എൽ.എഫ്.ജി.എ5/1832/11/23-01-2012 |
| 2002-03 | എൽ.എഫ്.ജി.എ5/1832/11/23-01-2012 |
| 2003-04 | എൽ.എഫ്.ജി.എ5/1832/11/23-01-2012 |
| 2004-05 | എൽ.എഫ്.ജി.എ5/1832/11/23-01-2012 |
| 2005-06 | എൽ.എഫ്.ജി.എ5/1832/11/23-01-2012 |
| 2006-07 | എൽ.എഫ്.എ5/1577/13/15-05-2014 |
| 2007-08 | എൽ.എഫ്.എ5/1577/13/15-05-2014 |
| 2008-09 | എൽ.എഫ്.എ5/1577/13/15-05-2014 |
| 2009-10 | എൽ.എഫ്.എ5/1577/13/15-05-2014 |
| 2010-11 | എൽ.എഫ്.എ.പി8/1091/12/20-11-2012 /16-01-2013 |
| 2011-12 | എൽ.എഫ്.എ.പി8/373/14/26-05-2014 |
| 2012-13&2013-14 | എൽ.എഫ്.എ.പി8/1826/14/05-02-2015 |
| 2014-15 | കെ.എസ്.എ. എ.എൽ.പി./പി12-839/2016 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

No. KSA-ALP/P12-1305/16

Kerala state Audit Department

District Audit office, Alappuzha

Dated: 02.12.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Purakkad Grama panchayat in Alalppuzha District, for the Year ended on 31-03-2016 in accordancee with Section 4 of the Kerala Local Fund Audit Act 1994,section 215 0f the Keral Panchayat raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of cerrtification of accounts of Panchayats.

In my opinion, the Financial Statements of Purakkad Gramapanchayath for the year 2015-16 except the observations in Para 4-1 of Audit Report properly presents the picture of income & Expenditure.

Deputy Director

Kerala State Audit Department

Alappuzha

നം. കെ.എസ്.എ-എ.എൽ.പി/പി12-1305/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി: 02.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖ.4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ